**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3029** **28-02-2023 - ൽ മറുപടിയ്ക്ക്**

**ഗിരീഷ് പുത്തഞ്ചേരിയ്ക്ക് സ്മാരക മന്ദിരം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ചലച്ചിത്രഗാന രചയിതാവും തിരക്കഥാകൃത്തുമായിരുന്ന ഗിരീഷ് പുത്തഞ്ചേരിയുടെ സ്മരണകൾ നിലനിർത്തുന്നതിനും കലാപ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിനുമായി സ്മാരക മന്ദിരം നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഗിരീഷ് പുത്തഞ്ചേരിയ്ക്ക് സ്മാരക മന്ദിരം പണിയുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | ഗിരീഷ് പുത്തഞ്ചേരിയ്ക്ക് സ്മാരക മന്ദിരം പണിയുന്നതിനാവശ്യപ്പെട്ട് ഉള്ളിയേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബഹു. എം.എൽ.എ അഡ്വ. കെ.എം.സച്ചിൻദേവ് മുഖാന്തിരം നൽകിയ നിവേദനം പരിശോധിച്ച്, സ്ഥല ലഭ്യത സംബന്ധിച്ച വിശദമായ റിപ്പോർട്ടിനായി ഉള്ളിയേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സാംസ്കാരിക വകുപ്പ് ഡയറക്ടർ കത്ത് നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഗിരീഷ് പുത്തഞ്ചേരിയുടെ സ്മരണകൾ നിലനിർത്തുന്നതോടൊപ്പം സിനിമ ഗാനങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിനായി കലാകേന്ദ്രം സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | കലാകേന്ദ്രം സ്ഥാപിക്കൽ ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ